**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. ഇബ്രാഹിമിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2411/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/09/2018

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 23.08.2014-ലെ ഇ11 (എസ് സി 60/2014/WYD)4353/2015നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 18.04.2015-ലെ 2558/ഡി1/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 10.12.2015-ലെ 402/ഇപിബി3/15/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. റ്റി. ഇബ്രാഹിം സമർപ്പിച്ച 18.03.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 18.05.2016-ലെ ഡി1-2198/16നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും സംബന്ധിച്ച പദ്ധതിയിൽ ക്രമക്കേട് നടന്നിട്ടുണ്ട് എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ഇബ്രാഹിമിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

1. പ്രോജക്റ്റിന് അംഗീകാരം നൽകുന്നതിന് മുമ്പ് സാധ്യതാ പഠനം നടത്തിയില്ല. എഗ്രിമെന്റ് വയ്ക്കുന്നതിന് മുമ്പ് വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞിരുന്നില്ല.
2. സർക്കാർ അംഗീകൃത സ്ഥാപനത്തിന് പരിഗണന നൽകണമെന്ന നിബന്ധന പാലിച്ചില്ല,
3. സെക്രട്ടറി ട്രഷറിയിൽ നിന്നും കോൺട്രാക്ടറിന് നൽകേണ്ട തുകയിൽ കൂടുതലായി പിൻവലിച്ചു.

കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം

(4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 2013-14 വാർഷിക പദ്ധതിയിലെ പ്രോജക്ട് നം.195/2014 പ്രകാരമുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കലും, റിപ്പയർ ചെയ്യലും പദ്ധതിയിൽ ഉൾപ്പെടുത്തി 36 വാട് സിന്റെ 4 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ. ഓർഡിനറി സി.എഫ്. ലാമ്പുകൾ വൈദ്യുത പോസ്റ്റിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിന് പത്രപരസ്യത്തിലൂടെ ടെണ്ടർ ക്ഷണിച്ചതിൽ രാശി ഇലക്ട്രോണിക്സ്, കാരാപ്പറമ്പ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്നീ രണ്ടു സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നതായും ആയത് പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 36 വാട് സിന്റെ 4 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ. ഓർഡിനറി സി.എഫ്. ലാമ്പുകൾ സെറ്റ് ഒന്നിന് 6,060/- രൂപയും ഫിറ്റിംഗ് & ഡിസ്മാന്റിലിംഗ് ചാർജ്ജ് 200/- രൂപയും രേഖപ്പെടുത്തിയ രാശി ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് പ്രൊക്യുയർമെന്റ് കമ്മിറ്റി ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ടി നിരക്ക് അംഗീകരിച്ച് 10.02.2014- ൽ ഭരണസമിതി തീരുമാനിക്കുകയുമുണ്ടായിയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രൊക്യുയർമെന്റ് കമ്മിറ്റി അംഗങ്ങളും ഭരണസമിതി അംഗങ്ങളും കണ്ണൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോവുകയും പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ പ്രവർത്തനം നേരിൽ കണ്ട് ബോധ്യപ്പെടുകയും ആയത് മനസിലാക്കി വ്യക്തമായ സ്പെസിഫിക്കേഷനൻ തയ്യാറാക്കിയുമാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചതെന്നും, ടി പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുന്നതിനു മുമ്പായി ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ ടെക്നോളജിയുടെ DOEACC സെന്ററിൽ നിന്നും തെരുവ് വിളക്കുകൾ സംബന്ധിച്ച സാങ്കേതിക സർട്ടിഫിക്കറ്റ് കരാർ സ്ഥാപനം ഹാജരാക്കിയതായി കാണുന്നുവെന്നും, ലഭിച്ച 2 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രാശി ഇലക്ട്രോണിക്സ് എന്ന സ്ഥാപനം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം നൽകിയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെന്നും, കൂടാതെ കൂടുതൽ കാലയളവ് വാറണ്ടിയും രാശി ഇലക്ട്രോണിക്സ് എന്ന സ്ഥാപനം അവകാശപ്പെടുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 99.78% പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്രകാരം സ്ഥാപിച്ച വിളക്കുകളുടെ കാര്യക്ഷമത പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 25.01.2014- ന് രൂപീകരിച്ച ഉപസമിതിയും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും മോണിറ്ററിംഗ് നടത്തുകയും അപ്രകാരം തയ്യാറാക്കിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ പ്രകാരമുള്ള തുക ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ആയതിൽ 65% തുക കരാർ സ്ഥാപനത്തിന് നൽകുകയും ബന്ധപ്പെട്ട ഇലക്ട്രിക്കൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമായതിനുശേഷം ബാക്കി തുക നൽകാൻ നിശ്ചയിച്ചെങ്കിലും വിജിലൻസ് പരിശോധനാ വേളയിലെ നിർദ്ദേശപ്രകാരം ടി തുക അനുവദിച്ചിട്ടില്ലായെന്നു കാണുന്നുവെന്നും, ടി പ്രവൃത്തിയ്ക്ക് ട്രഷറിയിൽ നിന്നും പിൻവലിച്ച 12,76,900/- തുകയിൽ 7,89,711/- രൂപയാണ് കരാർ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളതെന്നും, വിജിലൻസ് പരിശോധനാ വേളയിലെ നിർദ്ദേശപ്രകാരം ബാക്കി തുകയായ 4,25,230/- രൂപ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിലേയ്ക്ക് മാറ്റിയതായി കാണുന്നുവെന്നും, അധികമായി പിൻവലിച്ച 1,00,000/- രൂപ ടി വിളക്കുകൾ വൈദ്യുതി പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള ഇൻസ്റ്റാലേഷൻ ഫീസിനത്തിൽപ്പെട്ടതാണെന്നും, ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം ടി തുക

സെക്രട്ടറി കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് ചെലാൻ പ്രകാരം തിരിച്ചടച്ചിട്ടുണ്ട് എന്നു കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം 99.78% ചെലവഴിച്ചിട്ടുള്ളതാണെന്നും 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം ചെലവഴിച്ച് സംസ്ഥാനത്ത് 2-ാം സ്ഥാനം നേടുകയും. കൂടാതെ ശ്രീ. റ്റി. ഇബ്രാഹിം ഹൃദ്രോഗബാധയെ തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയനാവുകയും നിലവിൽ ചികിത്സ തുടരുന്നുവെന്നും ഇക്കാര്യത്തിൽ ടിയാനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഇബ്രാഹിം സമർപ്പിച്ച പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ഇബ്രാഹിമിനെ നേരിൽ കേട്ടു. നേരിൽ കേട്ട അവസരത്തിൽ, തന്നിൽ ആരോപിച്ചിരുന്ന കുറ്റങ്ങളെല്ലാം തന്നെ ശ്രീ. ഇബ്രാഹിം നിഷേധിക്കുകയുണ്ടായി. പ്രോജക്ട് തയ്യാറാക്കിയ അവസരത്തിൽ സി.എഫ്. ലാമ്പുകളുടെ ഇനം, വാട്ട്സ്, സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ പ്രോജക്ടിൽ വ്യക്തമാക്കാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് പ്രൊക്യുയർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും കണ്ണൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ നേരിട്ട് പോയി ആവശ്യമായ പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പ്രവർത്തനം മനസ്സിലാക്കി പഞ്ചായത്ത് പ്രൊക്യുയർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയുടേയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയതു പ്രകാരമാണ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പത്രപരസ്യത്തിലൂടെ ടെണ്ടർ ക്ഷണിച്ചതെന്നും, ആയതിന്റെ ഫീസിബിളിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടെന്നും, തെരുവ് വിളക്കുകളുടെ ബിൽ തുക അനുവദിക്കുന്നതിന് മുമ്പായി സാധന സാമഗ്രികളുടെ സാങ്കേതിക സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് കരാർ സ്ഥാപനത്തിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ ഗവണമെന്റിന്റെ മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ ടെക്നോളജിയുടെ DOEACC സെന്ററിൽ നിന്നും 25.03.2013-ലെ പി.ടി. 0 7 4 2 നമ്പറായുള്ള സാങ്കേതിക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

രാശി ഇലക്ട്രോണിക്സ് 36 വാട് സിന്റെ 4 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ. ഓർഡിനറി സി.എഫ്. ലാമ്പുകൾ സെറ്റ് ഒന്നിന് 6,060/- രൂപയും 11 വാട് സ് സെറ്റ് ഒന്നിന് 6,060/- രൂപയും 11 വാട് സിന്റെ 2 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ ഓട്ടോമാറ്റിക് സി.എഫ്. ലാമ്പുകൾ സെറ്റ് ഒന്നിന് 1540/- രൂപയുമാണ് രേഖപ്പെടുത്തിയിരുന്നതെന്നും, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് 36 വാട് സിന്റെ 4 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ. ഓർഡിനറി സി.എഫ്. ലാമ്പുകൾ സെറ്റ് ഒന്നിന് 6,250/- രൂപയും 11 വാട് സ് സെറ്റ് ഒന്നിന് 6,060/- രൂപയും 11 വാട് സിന്റെ 2 ട്യൂബുകൾ ഘടിപ്പിച്ച പി.എൽ ഓട്ടോമാറ്റിക് സി.എഫ്. ലാമ്പുകൾ സെറ്റ് ഒന്നിന് 1,590/- രൂപയുമാണ് രേഖപ്പെടുത്തിയിരുന്നതെന്നും പഞ്ചായത്ത് സ്പെസിഫിക്കേഷൻ പ്രകാരമുള്ള സി.എഫ്.എൽ. ലാമ്പുകൾ മലബാർ പ്രദേശങ്ങളിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സ്ഥാപിച്ചിരുന്നില്ലെന്നും ഈ സാഹചര്യത്തിലാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയും കൂടുതൽ കാലയളവ് വാറണ്ടി ഉള്ളതുമായ രാശി ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതെന്നും, മാത്രമല്ല, ടെണ്ടർ തീയതിക്കോ ആയതിന് ശേഷമോ നിരക്ക് ഇളവ് അനുവദിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ യാതൊരു കത്തും ലഭിച്ചിരുന്നില്ലെന്നും ശ്രീ. ഇബ്രാഹിം ബോധിപ്പിച്ചിട്ടുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിവിഹിതം 100% നൽകുന്നതിനാണ് നിശ്ചയിച്ചതെന്നും 99.78% ചെലവഴിച്ച് ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതാണെന്നും, സമയബന്ധിതമായി ഫണ്ട് ചെലവാക്കുന്നതിന്റെ ഭാഗമായി

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ മോണിറ്ററിംഗ് നടത്തി തയ്യാറാക്കിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ പ്രകാരമുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ബിൽ തുകയുടെ 65% തുക മാത്രമാണ് കരാർ സ്ഥാപനത്തിന് നൽകിയതെന്നും, തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയത് സംബന്ധിച്ച ബന്ധപ്പെട്ട ഇലക്ട്രിക്കൽ എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം ബാക്കി 35% തുക നൽകുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് എന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അധികൃതരുടെ പരിശോധനാ വേളയിലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി നൽകേണ്ട 35% തുക കരാർ സ്ഥാപനത്തിന് നൽകിയിട്ടില്ലായെന്നും ശ്രീ. ഇബ്രാഹിം ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. ഇബ്രാഹിം സമർപ്പിച്ച പ്രതിവാദ പത്രികയുടെയും നേരിൽ കേട്ടവേളയിൽ ശ്രീ. ഇബ്രാഹിം സമർപ്പിച്ച വാദങ്ങളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഇബ്രാഹിമിനെതിരെ ആരോപിച്ച കുറ്റങ്ങളൊന്നും നിലനിൽക്കുന്നതല്ലായെന്നു കാണുന്നു. കൂടാതെ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുമുണ്ട്. ടിയാൻ സമർപ്പിച്ച അപേക്ഷയിൽ വിദ്യാർത്ഥികളായ മക്കളുടെ പഠനത്തിനും തന്റെ ചികിത്സയ്ക്കുമായി ധാരാളം തുക ചിലവാകുന്നതായും തനിക്ക് പെൻഷൻ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും മാനുഷിക പരിഗണന നൽകി വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. ഇബ്രാഹിമിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹനദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. റ്റി. ഇബ്രാഹിം, മുൻ സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി1/663/2018/വിജി. തീയതി 21.06.2018പ്രകാരം)

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/402/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ